ശ്രീ. ടി. എം. ജേക്കബ് സർ, അങ്ങനെ പ്രമേയം പാസാക്കിയാൽ എന്താണ് പ്രയോജനം? കരാറിൽ നിന്ന് നമ്മൾ പിൻമാറിയാൽ നമുക്കാണ് നഷ്ടം. കാരണം ഇപ്പോൾത്തന്നെ തമിഴ്നാടിന് ഗുണകരമായി നിൽക്കുന്നു. ഞാൻ പറഞ്ഞല്ലോ, ഇവിടെ എട്ട് ഡാമും രണ്ട് വീയറും ഉൾപ്പെടെ 10 കൺസ്ട്രക്ഷനുള്ളതിനകത്ത് ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുന്ന കേരള ഷോളയാർ ഒഴികെ എല്ലാത്തിന്റെയും നിയന്ത്രണം അവർക്കുതന്നെയാണ്. പറമ്പിക്കുളം ഗ്രൂപ്പിൽ മുന്നെണ്ണമുണ്ട്. തൂണക്കടവ് അടക്കം മൂന്ന് ഡാമുകൾ അവിടെയുണ്ട്. നമ്മുടെ സ്റ്റേറ്റിലാണ് അത് നിൽക്കുന്നത്. പക്ഷേ കരാർ പ്രകാരം തമിഴ്നാടിനാണ് നമ്മൾ കൊടുത്തിരിക്കുന്നത്. ഈ ഒരു സാഹചര്യത്തിൽ നമ്മൾ അതിൽ നിന്ന് പിൻമാറിയാൽ നമുക്ക് എന്താണ് ഗുണം. നമുക്ക് പിൻമാറാൻ സാധ്യമല്ല. ഏകപക്ഷീയമായി അവർക്ക് ജയിക്കേണ്ട അവസരം ഉണ്ടാക്കി കൊടുക്കേണ്ട കാര്യമില്ല. ചർച്ച നടത്തിയാൽ നമുക്ക് ഗുണകരമായി പറമ്പിക്കുളം ഗ്രൂപ്പിൽനിന്ന് ഇവിടെ ശ്രീ. മുഹമ്മദ് ചോദിച്ചു 16.5 ടി. എം. സി. വെള്ളം കിട്ടും. അങ്ങനെ കിട്ടിക്കഴിഞ്ഞാൽ പിന്നെയുള്ള 2.5 ടി. എം. സി.-ക്കേ നമുക്ക് അർഹത ഉണ്ടായിരുന്നുള്ളു. കഴിഞ്ഞ 30 വർഷത്തെ നമ്മുടെ അനുഭവം എന്നു പറയുന്നത് പറമ്പിക്കുളം ഗ്രൂപ്പിൽ 10.65 ടി. എം. സി. വെള്ളമേ കിട്ടിയിട്ടുള്ളു. അതുകൊണ്ടു തന്നെയാണ് പഴയ രീതിയിൽ നിന്ന്, 16.5 എന്ന് പറഞ്ഞിരുന്ന സ്ഥാനത്ത് നിന്ന് മാറ്റം ഉണ്ടാകണമെന്ന് ഇന്നിപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതെല്ലാം നമ്മൾ പുതുതായി ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങളാണ്. സ്റ്റേറ്റിന് കൂടുതൽ ഗുണം കിട്ടത്തക്കനിലയിൽ ഈ കരാർ പുനരവലോകനം ചെയ്യണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ദേശീയ ചേരി വികസന പരിപാടി

*2 [485] ശ്രീ. പിരപ്പൻകോട് മുരളി:

,, കെ. പി. സതീശ്ചന്ദ്രൻ:

,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരി നിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ ചേരി വികസന പരിപാടി എന്നാണ് ആരംഭിച്ചത്;

(സി) ഈ പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ചേരി വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തു തുക ഇതിനകം ലഭിച്ചു; ഇതിൽ എന്തു തുക 2004 മാർച്ച് 31 വരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പു മന്ത്രി (ശ്രീ. എം. കെ മുനീർ): സർ,

(എ) ചേരി പ്രദേശത്തെ വികസനവുമായി ബന്ധപ്പെട്ട് രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ, ദേശീയ ചേരി വികസന പരിപാടി (എൻ.എസ്.ഡി.പി.), വാല്മീകി അംബേദ്കർ ആവാസ് യോജന (വാംബെ) എന്നിവ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. എൻ. എസ്. ഡി. പി. ചേരി പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ്. ചേരി പ്രദേശത്തു താമസിക്കുന്ന ദരിദ്രർക്കു വേണ്ടിയുള്ള പാർപ്പിട നിർമ്മാണ പദ്ധതിയാണ് വാംബെ. ഈ രണ്ട് പദ്ധതികളും സംസ്ഥാന നഗര വികസന ഏജൻസി കുടിയായ കുടുംബശ്രീയിലൂടെയാണ് നടപ്പാക്കിവരുന്നത്.

(ബി) ഈ പദ്ധതി സംസ്ഥാനത്ത് 1997-98 വർഷത്തിലാണ് ആരംഭിച്ചത്.

(സി) നഗരങ്ങളിലെ ചേരി പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. ദരിദ്ര കുടുംബങ്ങളുടെ പ്രാഥമികാവശ്യങ്ങളായ ഭവന നിർമ്മാണം, കക്കൂസ്, കുടിവെള്ളം എന്നിവയുമായി ബന്ധപ്പെട്ട പരിപാടികളും അവരുടെ അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട റോഡുകൾ, നടപ്പാതകൾ, ഓടകൾ, ഡ്രെയിനേജ് എന്നിവയും ദരിദ്രരുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ഡി) 1997-98 മുതൽ 2003-04 വർഷം വരെ എൻ.എസ്.ഡി.പി. പദ്ധതിയിലൂടെ സംസ്ഥാനത്തിന് 6758.68 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. മുഴുവൻ തുകയും നോഡൽ ഏജൻസിയായ കുടുംബശ്രീക്ക് 2004 മാർച്ച് 31-ന് മുമ്പ് നൽകിയിട്ടുണ്ട്. ഈ തുകയിൽ 2004 മാർച്ച് 31 വരെ 6515.68 ലക്ഷം രൂപ നഗരസഭകൾക്ക് നൽകുകയുണ്ടായി. ബാക്കി 243 ലക്ഷം രൂപ 22-6-2004-ന് നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ 4617.99 ലക്ഷം രൂപ നഗരസഭകൾ ചെലവഴിച്ചിട്ടുണ്ട്. 2001-02 മുതൽ 2003-04 വരെ വാംബെ പദ്ധതിയിലൂടെ സംസ്ഥാനത്തിന് 3956.85 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. 31-3-2004-ന് മുമ്പ് നഗരസഭകൾക്കായി 3705.85 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. 2003-04-ലെ കേന്ദ്ര വിഹിതം 29-3-2004-ന് ആണ് ലഭിച്ചത്. കേന്ദ്ര വിഹിതത്തിൽ നിന്ന് 1630.42 ലക്ഷം രൂപ നഗരസഭകൾ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി: സർ, 'വാംബെ' പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ ചേരികളിൽ എത്ര പാർപ്പിട പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. അതിൽ എത്രയെണ്ണം പൂർത്തിയായിട്ടുണ്ടെന്നും ഇനി എത്ര പൂർത്തിയാക്കാനുണ്ടെന്നും പറയാമോ? തിരുവനന്തപുരം നഗരത്തിലെ ചേരിപ്രദേശത്ത് ഇതനുസരിച്ച് ഏതെല്ലാം സ്കീമുകളാണ് നടപ്പിലാക്കിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ: സർ, 2001-02 വർഷം വാംബെ പദ്ധതി മൂന്ന് നഗരങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. തിരുവനന്തപുരം രാജാജി നഗർ കോളനിയും ചെങ്കൽച്ചൂള കോളനികളിൽ 160 വീടുകളും പുനലൂരിൽ 300 വീടുകളും കൊച്ചിയിൽ 870 വീടുകളാണ് ലക്ഷ്യം വച്ചിട്ടുള്ളത്. വീട് ഒന്നിന് അനുവദിച്ചിട്ടുള്ള 40,000 രൂപയിൽ 20,000 രൂപ കേന്ദ്ര സർക്കാർ വിഹിതവും 20,000 രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. 2002-03-ൽ സാങ്ഷൻ ചെയ്തിട്ടുള്ളത് 11,528 വീടുകളാണ്. കംപ്ലീറ്റ് ചെയ്തിട്ടുള്ളത് 4,033 വീടുകളാണ്. 2003-04-ൽ അലോട്ട് ചെയ്തിട്ടുള്ളത് 5,671 വീടുകളാണ്.

ശ്രീ. പിരപ്പൻകോട് മുരളി: സർ, ചേരി വികസനത്തിന് എൻ. എസ്. ഡി. പി.-ക്ക് പുറമേ എ. ഡി. ബി.-യുടേയോ മറ്റ് വിദേശ രാജ്യങ്ങളുടേയോ സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച് എന്തൊക്കെയാണ് വ്യവസ്ഥകൾ എന്നു വിശദീകരിക്കാമോ?

ശ്രീ. എം. കെ. മുനീർ: ഒരു കൺസൾട്ടൻസിയെ നിയമിച്ച് അഞ്ച് നഗരങ്ങളിൽ ചേരി നിർമ്മാർജ്ജനം അടക്കമുള്ള മൊത്തം അർബൻ ഡെവലപ്മെന്റിനു വേണ്ടിയുള്ള ചില പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. രണ്ട് പദ്ധതികൾ കൺസൾട്ടൻസിയെ ഏല്പിച്ചു. അവർ ഇതിന്റെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുക മാത്രമാണ് ചെയ്യുന്നത്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: ദേശീയ ചേരി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പതിമൂന്നോളംവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ നടപ്പിൽവരുത്തിയതിന്റെ ഭൗതിക നേട്ടങ്ങൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; ആ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എം. കെ. മുനീർ: ഭൗതികമായ നേട്ടങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. പല സ്ഥലങ്ങളിലും നഗരസഭകൾ തുകകൾ ചെലവഴിക്കാത്തതിന്റെ പേരിൽ കഴിഞ്ഞ രണ്ട് വർഷമായി പെർഫോർമൻസ് ബേസ്ഡ് ആയിട്ടാണ് ഈ നഗരസഭകൾ നോക്കുന്നത്. അതുകൊണ്ടുതന്നെ അമ്പത്തിയെട്ട് നഗരസഭകൾ എന്നുള്ളത്, നാല്പത്തിനാല് നഗരസഭകൾക്ക് മാത്രമാണ് ഇതിന്റെ സൗകര്യം ലഭിച്ചുകൊണ്ടിരിക്കുന്നത്. എങ്കിലും കഴിഞ്ഞ കുറേ നാളുകളായി ഈ കാരണത്താൽ, അടിസ്ഥാന സൗകര്യങ്ങൾ, പ്രത്യേകിച്ച് ചേരികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് എടുക്കുന്നതിൽ റോഡുകളും അതുപോലെതന്നെ വഴിയോര വിളക്കുകൾ അടക്കമുള്ള കാര്യങ്ങളിൽ ഈ പദ്ധതികൊണ്ട് നേട്ടമുണ്ടായിട്ടുണ്ട്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: എൻ. എസ്. ഡി. പി.-യിൽ ഉൾപ്പെട്ട പദ്ധതിയായ വാല്മീകി അംബേദ്കർ ആവാസ് യോജനയെക്കുറിച്ച് 2002-ൽ മന്ത്രി നടത്തിയ ഒരു പ്രഖ്യാപനമുണ്ടായിരുന്നു. ആ പ്രഖ്യാപന പ്രകാരം ഒരു വീട്ടിന്

നാല്പതിനായിരം രൂപ ചെലവ് കണക്കാക്കുകയും അതിൽ അമ്പത് ശതമാനം ഗ്രാന്റും നഗരസഭയോ ഹഡ്കോയോ സഹായമായി ലഭ്യമാക്കി എന്നുമാണ് പറഞ്ഞത്. മാത്രമല്ല പ്രതിവർഷം ആയിരം കോടി രൂപ വീതം അയ്യായിരം കോടി രൂപ കേന്ദ്ര വിഹിതമായി അതിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രതിവർഷം പതിമൂന്നായിരത്തി മുന്നൂറ് വീടുകൾ നിർമ്മിക്കുവാൻ കഴിയുമെന്ന് ഒരു പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ കേന്ദ്രത്തിൽനിന്ന് പ്രതിവർഷം ആയിരം കോടി രൂപയാണ് വിഭാവന ചെയ്തിരിക്കുന്നത്. അത് ലഭ്യമാകാതെ പോയത് കൃത്യമായ പ്രോജക്ടുകൾ യഥാസമയം കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിന് കഴിയാതെ പോയതു കൊണ്ടാണോ എന്ന് അറിയിക്കുമോ?

ശ്രീ. എം. കെ. മുനീർ: യഥാർത്ഥത്തിൽ 'വാംബെ' പദ്ധതി എൻ. എസ്. ഡി. പി. യുടെ ഭാഗമല്ല. അത് വേറെ പദ്ധതിയാണ്. എൻ. എസ്. ഡി. പി. പദ്ധതിയിൽ ലഭിക്കുന്നതുക പൂർണ്ണമായിട്ടും ഗവൺമെന്റ് നല്കുന്നതല്ല. അത് മുപ്പതു ശതമാനം ഗ്രാന്റും എഴുപത് ശതമാനം തിരിച്ച് അടയ്ക്കേണ്ടതുമാണ്. പക്ഷേ 'വാംബെ' പദ്ധതിയെ സംബന്ധിച്ചിടത്തോളം മുഴുവൻ പണവും ലഭ്യമാക്കുന്നതാണ്. നാല്പതിനായിരം രൂപയിൽ അമ്പത് ശതമാനം സെൻട്രൽ ഗവൺമെന്റ് എടുക്കുമ്പോൾ ബാക്കി അമ്പത് ശതമാനത്തിൽ പതിനായിരം സ്റ്റേറ്റ് ഗവൺമെന്റും ബാക്കി പതിനായിരം അതാത് ലോക്കൽ ബോഡീസുമാണ് എടുക്കുന്നത്. പക്ഷേ 'വാംബെ' പദ്ധതിയിൽ യഥാർത്ഥത്തിൽ പ്രോജക്ടുകൾക്ക് ആദ്യമേ പണം അങ്ങോട്ട് ലഭ്യമാക്കുകയാണ്. നമ്മൾ എത്രമാത്രം പണം ഇവിടെ കെട്ടുന്നുവോ അതിന്റെ പ്രൊപ്പോർഷണേറ്റ് ആയിട്ടുള്ള പണം നമുക്ക് റിലീസ് ചെയ്തു തരും. കഴിഞ്ഞ രണ്ട് വർഷത്തേതുമായി വച്ചു നോക്കുമ്പോൾ മറ്റ് സ്റ്റേറ്റുകളെ അപേക്ഷിച്ച് കൂടുതൽ പണം നമുക്ക് കെട്ടിവയ്ക്കുവാൻ സാധിച്ചതുകൊണ്ട് ഏകദേശം ഇരുന്നൂറ് ശതമാനത്തിന് മുകളിൽ നമ്മുടെ സ്റ്റേറ്റിന് 'വാംബെ' പദ്ധതിയിലൂടെ പണം ലഭ്യമാക്കുവാൻ സാധിക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ചേരികളിലെ സാധാരണ മനുഷ്യരുടെ ജീവിതം ദുരിതപൂർണ്ണമാണ്. കുടിക്കുവാൻ വെള്ളമില്ലാത്ത അവസ്ഥ, അതുപോലെതന്നെ കുടിലുകളിൽ, തൃശ്ശൂർ പോലെയുള്ള പ്രദേശങ്ങളിൽ ചേരികളിൽ തീപിടുത്തം ഉൾപ്പെടെ ഉണ്ടായിട്ടുണ്ട്. അത്തരം ദുരിതപൂർണ്ണമായ അവസ്ഥയുള്ള ചേരികളിൽ ഹൗസിംഗ് അപ്പാർട്ടുമെന്റുകളും സാനിട്ടേഷൻ പദ്ധതികളും നടപ്പിലാക്കുന്നതിന് കേരളാ വികസന പദ്ധതിയിൽപ്പെടുത്തി പ്രത്യേക ഘടക പദ്ധതി തയ്യാറാക്കുവാനുള്ള നടപടികൂടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ: ഇതിനകത്ത് ആദ്യത്തെ പദ്ധതിയിൽ വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി ഇരുപത്തിയൊന്നായിരം രൂപ വരുന്നുണ്ട്. രണ്ടാമത്തെ വാംബെ എന്നു പറയുന്ന പദ്ധതിയിൽ പൂർണ്ണമായി വീട് നിർമ്മിക്കുന്നതിനു മാത്രമുള്ളതാണ്. ഇതിനു പുറമേ വരാനിരിക്കുന്ന സ്ക്കീമുകൾ അനുസരിച്ച് അഞ്ച് നഗരങ്ങളിൽക്കൂടി പൂർണ്ണമായി ചേരി നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. പൂർണ്ണമായും നമ്മുടെ സ്റ്റേറ്റിൽ ചേരിനിർമ്മാർജ്ജനം നടത്തണമെന്നുള്ള ഉദ്ദേശ്യത്തിലാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എ. സി. മൊയ്തീൻ: ദേശീയ ചേരി വികസന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഏതെല്ലാം നഗരസഭകളിലാണ് ഇപ്പോൾ പ്രവർത്തനം നടക്കുന്നതെന്നും അവയുടെ പുരോഗതി എന്താണെന്നും വിശദീകരിക്കുവാൻ കഴിയുമോ?

ശ്രീ. എം. കെ. മുനീർ: എൻ. എസ്. ഡി. പി. അനുസരിച്ച് 1997 മുതൽ 2002 വരെ എല്ലാ നഗരസഭകൾക്കും കൊടുക്കുന്നുണ്ടായിരുന്നു. അതിനുശേഷം പെർഫോമൻസ് ബേസ്ഡ് ആക്കിയപ്പോൾ പല നഗരസഭകളിലും അവരുടെ പണം വിനിയോഗിക്കുന്നില്ല എന്ന് കണ്ട് അവരെ മാറ്റി നിർത്തി. ഏകദേശം നാല്പത്തിനാല് നഗരസഭകളിലാണ് ഇപ്പോൾ ചേരി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി എൻ.എസ്.ഡി.പി. ഫണ്ട് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, അങ്ങ് ഇവിടെ ഒരുകാര്യം സൂചിപ്പിച്ചു. നമ്മുടെ ബൗദ്ധിക നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയപ്പോൾ ഒരുപാട് നേട്ടങ്ങൾപറഞ്ഞു. കഴിഞ്ഞ കുറേ നാളുകളായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തിരിക്കുന്ന പ്ലാൻ വിഹിതം അടക്കമുള്ള കാര്യങ്ങൾ ഫലപ്രാപ്തിയിൽ എത്തിക്കുന്ന കാര്യത്തിൽ വളരെ പരാജയമാണെന്നുള്ളതാണ് ഗ്രൗണ്ട് റിയാലിറ്റി തെളിയിക്കുന്നത്. എന്റെ നിയോജകമണ്ഡലം മുഴുവൻ ചേരി പ്രദേശമാണ്. ചേരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട യാതൊരു പുരോഗതിയും ഇതുവരെ ഉണ്ടാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മാത്രമല്ല കേന്ദ്ര ഗവൺമെന്റ് സഹായം ഈ രംഗത്ത് വാങ്ങിച്ചെടുക്കുന്ന കാര്യത്തിൽ നമുക്ക് വേണ്ടത്ര മുന്നോട്ടു പോകുവാനും കഴിയുന്നില്ല. അഞ്ച് നഗരങ്ങളുടെ കാര്യം അങ്ങ് സൂചിപ്പിച്ചു. അതല്ലാതെ ആലപ്പുഴ അടക്കമുള്ള നഗരങ്ങളിൽ, ചേരികൾ ഏറ്റവും കൂടുതൽ തിങ്ങിനില്ക്കുന്ന നഗരങ്ങളിൽ ചേരി നിർമ്മാർജ്ജനത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ സമഗ്രമായ ഒരു പദ്ധതി സമർപ്പിച്ച് നടപടി എടുക്കുവാൻ ശ്രമിക്കുമോ?

ശ്രീ. എം. കെ. മുനീർ: അഞ്ച് നഗരങ്ങളുടെ കാര്യം ഞാൻ പറഞ്ഞത് വരാനിരിക്കുന്ന, ഇപ്പോൾ പ്രിപ്പറേഷനിൽ ഇരിക്കുന്ന കൺസൾട്ടൻസി ഉപയോഗിച്ചുകൊണ്ടുള്ള എ.ഡി.ബി.-യുടെ പിന്തുണയോടെ നടത്തുന്ന

പദ്ധതിയെക്കുറിച്ചാണ്. ഇപ്പോൾ നിലവിലുള്ള പദ്ധതിയനുസരിച്ച് നാല്പത്തിനാല് നഗരസഭകൾക്ക് ലഭിക്കുന്നുണ്ട്. ഇതിൽ ഇപ്പോൾ ഒഴിവായിപ്പോയി എന്ന് പറയുന്ന നെയ്യാറ്റിൻകര, തൊടുപുഴ, അടൂർ, കേരളപുരം, ആലുവ, നോർത്ത് പറവൂർ, ഇരിങ്ങാലക്കുട, തൃശ്ശൂർ, ഗുരുവായൂർ, തിരൂർ, മലപ്പുറം, വടകര, മട്ടന്നൂർ തുടങ്ങിയുള്ള നഗരസഭകളിൽ അവയുടെ വിനിയോഗം ശരിക്ക് നടക്കുന്നില്ല എന്നുള്ളതുകൊണ്ട്, പെർഫോമൻസ് ബേസ്ഡ് ആക്കിയതുകൊണ്ട് അത്തരം നഗരസഭകൾക്ക് കഴിഞ്ഞ കാലങ്ങളിൽ കിട്ടിയിട്ടില്ല. പക്ഷേ പെർഫോമൻസ് നന്നാക്കിക്കൊണ്ട് വരുന്ന മുറയ്ക്ക് ഇത് ആ നഗരസഭകൾക്കും ലഭ്യമാക്കുന്നതാണ്. അല്ലാത്ത എല്ലാ നഗരസഭകൾക്കും ഇപ്പോൾ ഈ എൻ. എസ്. ഡി. പി. കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചേരിനിർമ്മാർജ്ജന പദ്ധതിയിൽ പെടുത്തി മുമ്പ് പ്രവർത്തനം നടന്ന ചില പ്രദേശങ്ങളാണ് തലശ്ശേരിയിലെ ചാലിൽ ഗോപാലപ്പേട പ്രദേശം ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച ആ ചേരിയിലുള്ള ഒരു കോളനി നായനാർ കോളനി എന്നാണ് അറിയപ്പെടുന്നത്. അത് 1980-ൽ നിർമ്മിച്ചതാണ്. പക്ഷേ ഇന്ന് അത് ആകെ പൊളിഞ്ഞ് ആർക്കും താമസിക്കുവാൻ കഴിയാത്ത അവസ്ഥയിലാണ് എത്തിയിരിക്കുന്നത്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ പുനർ നിർമ്മിച്ച് കൊടുക്കുവാനുള്ള പദ്ധതി ഇതിന്റെ ഭാഗമായി നടപ്പാക്കുവാൻ കഴിയുമോ? തലശ്ശേരിയിലെ പെട്ടിപ്പാലം കോളനികൾ പോലുള്ളവ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെടുത്തി പുനർനിർമ്മിച്ചു കൊടുക്കുവാനുള്ള സമീപനം സ്വീകരിക്കുമോ?

ശ്രീ. എം. കെ. മുനീർ: മൊത്തത്തിൽ നോഡൽ ഏജൻസികളായി ഇവിടെ പ്രവർത്തിക്കുന്നത് കുടുംബശ്രീകളാണ്. കുടുംബശ്രീകളിൽ ഏറ്റവും താഴെത്തട്ടിലുള്ള അയൽക്കൂട്ടങ്ങളാണ് ഓരോ പ്രദേശത്ത് ചേരികൾ കണ്ടെത്തേണ്ടത്. അയൽക്കൂട്ടം തൊട്ടടുത്ത് മുകളിലുള്ള എ.ഡി.എസ്സിന് കൊടുക്കും; എ.ഡി.എസ്. അതിന് മുകളിലുള്ള കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിക്ക് കൊടുക്കും. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയാണ് യഥാർത്ഥത്തിൽ എത്ര പ്രാധാന്യം ചേരിക്ക് കൊടുക്കണം, അത് പാവപ്പെട്ട ജനവിഭാഗങ്ങൾ തന്നെയാണോ എന്നൊക്കെ തീരുമാനിക്കുന്നതും അവർക്കിടയിൽ ഏറ്റവും അനിവാര്യമായിട്ടുള്ള വീടുകൾ കണ്ടെത്തുന്നതും. കുടുംബശ്രീയിലൂടെയാണ് ഈ കാര്യങ്ങൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, ചേരി വികസന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുകയും ഇപ്പോൾ അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു സ്ഥലമാണ് കുന്നംകുളം മുനിസിപ്പാലിറ്റി. ഇത്തവണ അനുവദിച്ച സംഖ്യ ഇതിന് ചെലവഴിച്ചു കഴിഞ്ഞു. ഇനി അടുത്ത ഘട്ടത്തിൽ എത്ര സംഖ്യയാണ് അനുവദിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. മുനീർ: കുന്നംകുളത്തിന്റെ കാര്യം പറയുകയാണെങ്കിൽ 1997-98, 1998-99, 1999-2000 എന്നീവർഷങ്ങളിൽ 88,000, 4,40,000, 4,44,000 എന്നീ ക്രമത്തിൽ സംഖ്യകൾ കൊടുത്തു. 2001-2002-ൽ 11,48,438 രൂപ കൊടുത്തു. 2002-2003-ൽ 8,69,100 രൂപ കൊടുത്തു. 2003-2004-ൽ 1,80,217 രൂപയാണ് അലോക്കേറ്റ് ചെയ്തിട്ടുള്ളത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ചേരി നിർമ്മാർജ്ജന പദ്ധതിക്ക് വലിയ തോതിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം നേടിയെടുക്കുവാൻ സാധിക്കുന്നുണ്ട്. പക്ഷേ പ്രധാനപ്പെട്ട പട്ടണങ്ങളിലും മുനിസിപ്പാലിറ്റികളിലുമായി ചേരി നിർമ്മാർജ്ജന പ്രവർത്തനം ഒതുങ്ങി നില്ക്കുകയാണ് ചെയ്യുന്നത്. ഇതിനെക്കാളും വളരെ വിഷമകരമായ സ്ഥിതിയിൽ ജീവിക്കുന്ന ഒട്ടേറെ ആളുകൾ പഞ്ചായത്തുകളുടെ ചേരി പ്രദേശങ്ങളിലുണ്ട്. വിവിധ പഞ്ചായത്തുകളിൽ അത്തരം പ്രയാസകരമായ സ്ഥിതിയുണ്ട്. പഞ്ചായത്തുകളിലെ ചേരി പ്രദേശങ്ങളിൽക്കൂടി ചേരി നിർമ്മാർജ്ജന പദ്ധതിയുടെ ആനുകൂല്യങ്ങളും പാർപ്പിട സൗകര്യങ്ങളും കക്കൂസ് ഉൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. കെ. മുനീർ: നിലവിലുള്ള രണ്ടു പദ്ധതികളും നഗരങ്ങളിലെ ചേരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടിട്ടുള്ള പദ്ധതികളാണ്. പ്രധാനമായും നഗരങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ചേരികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനു വേണ്ടിയാണ് ഇത് ഉപയോഗിക്കുന്നത്. മൂന്ന് തരത്തിലാണ് ചേരി കണ്ടെത്തുന്നത്. ഒന്ന്, കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണമുള്ള നിബന്ധനകളിൽ വരുന്ന ചേരി കണ്ടെത്തൽ രണ്ട്, നമ്മുടെ സ്റ്റേറ്റിലുള്ള സി. ഡി. പി. കണ്ടെത്തുന്ന ചേരി പ്രദേശങ്ങൾ, അതല്ലാതെ ക്ളസ്റ്ററായിട്ട് അറുപതും എഴുപതും വീടുകളൊക്കെ ഒരുമിച്ചു നില്ക്കുമ്പോൾ അവിടെ അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലെന്ന് മനസ്സിലാക്കിക്കൊണ്ട് കണ്ടെത്തുന്ന ചേരി പ്രദേശങ്ങളുമുണ്ട്. ഇതിൽ മൂന്നാമത്തെ തട്ടിൽ നില്ക്കുന്ന നിബന്ധനകൾക്കനുസരിച്ചാണ് നമ്മുടെ സ്റ്റേറ്റിൽ ചേരിപ്രദേശം കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. ആ ചേരി നിർമ്മാർജ്ജനം ആദ്യമായി നഗരങ്ങളിൽത്തന്നെയാണ് നടപ്പിലാക്കിവരുന്നത്. അടുത്ത ഘട്ടം തീർച്ചയായും നമ്മുടെ സംസ്ഥാനത്തെ ചേരികൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly